<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 624</u> <u>09-08-2023 - ൽ മറുപടിയ്ക്ക്</u>

<u>നിയോജകമണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വ്യവസായ പാർക്കുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ നിയോജകമണ്ഡലാടിസ്ഥാനത്തിൽ സ്വകാര്യമേഖലയിൽ നടപ്പാക്കിവരുന്ന വ്യവസായ പാർക്കുകൾ വഴി സംസ്ഥാനത്തിന് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം നടപ്പിലാക്കി വരുന്നുണ്ട്. ആദ്യഘട്ടത്തിൽ അപേക്ഷിച്ച 8 സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റേറ്റുകളുടെ നിർമാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ. കൂടാതെ വെബ് പോർട്ടൽ മുഖേന ലഭിച്ച 51 അപേക്ഷകളിൽ സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ള 21 അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പക്ഷേ, ഈ പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പരിമിതപ്പെടുത്തിയിട്ടില്ല. ഭൂമി ലഭ്യമായ സംരംഭകർക്ക് വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ബി) | സർക്കാർ കൈവശം പൊതുസ്ഥലങ്ങൾ കുറവായ സാഹചര്യത്തിൽ സ്വകാര്യമേഖലയിൽ ആധുനിക രീതിയിലുള്ള മാർക്കറ്റുകൾ എല്ലാ പഞ്ചായത്തുകളിലും ഉണ്ടാക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ